# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 230 09.03.2018 -ലെ മറുപടി

## കായലുകളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ** | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ശാസ്താംകോട്ട,വേമ്പനാട്,അഷ്ടമുടി തുടങ്ങിയ കായലുകൾ കയ്യേറ്റം കൊണ്ടും മാലിന്യ നിക്ഷേപം കൊണ്ടും നേരിടുന്ന ഗുരുതരമായ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; | (എ) റാംസർ തടാകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള കേരളത്തിലെ പ്രധാനപ്പെട്ട മൂന്ന് തടാകങ്ങളായ ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി എന്നിവയുടെ സമഗ്രമായ പുനരുജ്ജീവനം സാധ്യമാക്കുന്ന പദ്ധതികൾ ഉൾക്കൊള്ളുന്ന 5 വർഷത്തേക്കുള്ള ഇൻറഗ്രേറ്റഡ് മാനേജ്മെൻറ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ തടാകങ്ങൾ നേരിടുന്ന കയ്യേറ്റങ്ങളുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത കായലുകൾക്ക് സമീപമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശ വാസികൾ എന്നിവരുടെ പങ്കാളിത്തത്തോടു കൂടിയുള്ള പ്രവർത്തനം അനിവാര്യമാണ്. |
| (ബി) ശാസ്താംകോട്ട കായലിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നിർദേശങ്ങളാണ് സർക്കാരിന്റെ മുന്നിലുള്ളത്; ഈ നിർദേശങ്ങളും പഠനങ്ങളും നടപ്പിലാക്കാൻ ഇതേവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) ശാസ്താംകോട്ട കായലിന്റെ സംരക്ഷണം, ജല ലഭ്യത ഉറപ്പുവരുത്തുക, പാരിസ്ഥിതിക ആവാസവ്യവസ്ഥ നിലനിർത്തുക എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് കോഴിക്കോട് ആസ്ഥാനമായ സെൻറർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്പമെൻറ് ആൻറ് മാനേജ്മെൻറ് എന്ന സ്ഥാപനം "മാനേജ്മെൻറ് ആക്ഷൻ പ്ലാൻ" തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം കായലിലെ ജലലഭ്യത കുറയുന്നത് പരിഗണിച്ച് കല്ലടയാറ്റിൽ |

കടപ്പുഴയിൽ ഒരു റെഗുലേറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടായിരുന്നുവെങ്കിലും, തദ്ദേശീയമായി ചില കേന്ദ്രങ്ങളിൽ നിന്നുണ്ടായ ആശങ്കകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി മുന്നോട്ടു കൊണ്ടു പോകാൻ സാധിച്ചില്ല.

| | | | |
|---|---|---|---|
| (സി) | ശാസ്താംകോട്ട കായലിൽ നിന്നും ശുദ്ധജലം വിതരണം നടത്തുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവയുടെ തനതുഫണ്ടിൽ നിന്ന് ഒരു വിഹിതം നീക്കി വച്ച് ഈ കായലിന്റെ വികസനത്തിന് ഫണ്ട് സ്വരൂപിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | തൽക്കാലം പരിഗണനയിലില്ല. |
| (ഡി) | കായൽ സംരക്ഷണ സമിതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | (ഡി) | സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരള രൂപീകരിച്ചിട്ടുണ്ട്. ഓരോ കായലിനും പ്രത്യേക സംരക്ഷണസമിതി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ജൈവ,അജൈവ മാലിന്യങ്ങൾ പുറന്തള്ളുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ളവയെ കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ജൈവ,അജൈവ മാലിന്യങ്ങൾ പുറന്തള്ളുന്ന ഹൗസ് ബോട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക എന്ന ഉദ്ദേശം മുൻനിർത്തിനിശ്ചിത മാനദണ്ഡങ്ങളുള്ള ഹൗസ് ബോട്ടുകൾക്ക് അനുമതി നൽകുന്നതായിരിക്കും ഉചിതമെന്ന് ബഹു.മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ 15/02/2018-ന് ചേർന്ന ഗവേണിംഗ് ബോഡി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തണ്ണീർത്തട അതോറിറ്റി വഴി ഹൗസ് ബോട്ടുകളുടെ ആധിക്യം സംബന്ധിച്ച് ഒരു സംവഹന ശേഷി പഠനം എത്രയും വേഗം നടത്താനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ